# കേരള സർവകലാശാല

## ടെൻഡർ പരസ്യം

കേരള യൂണിവേഴ്സിറ്റി ബോട്ടണി ഡിപ്പാർട്ട്മെന്റിലെ ഗാർഡന്റെ ഉപയോഗത്തിനായി ഒരു വർഷ കാലയളവിലേയ്ക്ക് (19.07.2018) മുതൽ (31.03.2019) വേണ്ടി വരുന്ന മണലും ചാണകവും കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസിൽ ബോട്ടണി ഫാമിൽ കൊണ്ടു വന്നു കളം അളന്നു തരുന്നതിന് തയ്യാറുള്ളവരിൽ നിന്നും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു.

ടെണ്ടർ വ്യവസ്ഥകൾ

1. ചാണകത്തിനും മണലിനും പ്രത്യേകം പ്രത്യേകം ടെണ്ടറുകൾ സമർപ്പിക്കേണ്ടതും കവറിനു മുകളിൽ ഏതിനുള്ള ടെണ്ടർ എന്ന് വ്യക്തമായി എഴുതിയിരിക്കേണ്ടതുമാണ്.
2. ടെണ്ടറുകൾ 20.07.2018 വെള്ളിയാഴ്ച ഉച്ചയ്ക്ക് 12 P.M മണിക്ക് മുൻപായി ആഫീസിൽ കിട്ടിയിരിക്കേണ്ടതും ഓരോ ടെണ്ടറിനോടൊപ്പവും 500/- (അഞ്ഞൂറ് രൂപ) വീതം നിരതദ്രവ്യമായി വകുപ്പു മേധാവിയുടെ പേരിൽ കെട്ടിവയ്ക്കേണ്ടതും ആണ്.
3. ടെണ്ടറിൽ ചാണകത്തിനും മണലിനും ഓരോ ക്യുബിക് മീറ്റർ സപ്ലൈ ചെയ്യുന്നതിന് എത്ര തുക വേണമെന്ന കണക്കിൽ റേറ്റ് എഴുതിയിരിക്കേണ്ടതാണ്.
4. 20.07.2018 വെള്ളിയാഴ്ച ഉച്ചയ്ക്ക് 12.30 ന് അപ്പോൾ സന്നിഹിതരാവുന്നവരുടെ സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ പൊളിച്ച് പരിശോധിക്കുന്നതും ഏറ്റവും കുറഞ്ഞ റേറ്റ് ഡിപ്പാർട്ടുമെന്റിന് സ്വീകാര്യമായി എഴുതിയിട്ടുള്ള ആളിന്റെ പേരിൽ ടെണ്ടർ സ്ഥിരപ്പെടുത്തുന്നതിന് വേണ്ട മേൽ നടപടികൾ സ്വീകരിക്കുന്നതും മറ്റുള്ളവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ മടക്കി കൊടുക്കുന്നതുമാണ്.
5. ടെണ്ടറുകൾ സ്ഥിരപ്പെടുത്തിയ അറിയിപ്പ് യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച ശേഷം ടെണ്ടറുകാരൻ ആഫീസിൽ നിന്നും നിർദ്ദേശിക്കുന്നതനുസരിച്ച്, പതിനഞ്ചു രൂപാ പത്രത്തിൽ എഗ്രിമെന്റ് എഴുതി തരേണ്ടതും ടെണ്ടറിന്റെ ഉറപ്പിലേക്കായി മൊത്തം തുകയുടെ (നിരതദ്രവ്യം ഉൾപ്പെടെ) ഡിപ്പോസിറ്റായി കെട്ടിവയ്ക്കേണ്ടതും ടി സംഖ്യ ടെണ്ടർ കാലാവധി അവസാനിച്ചശേഷം മടക്കി വാങ്ങാവുന്നതുമാണ്. ചാണകത്തിനും മണലിനും മേൽ പറഞ്ഞിരി

ക്കുന്ന പ്രകാരം ഡിപ്പോസിറ്റും എഗ്രിമെന്റും പ്രത്യേകം പ്രത്യേകം തരേണ്ടതാണ്.

6. ടെണ്ടറുകൾ കൊണ്ടു വരുന്ന ചാണകത്തിനും മണലിനും യാതൊരു വിധ കലർപ്പും ചേർക്കാത്തതും അപ്രകാരം കാണുന്നവ പാടെ നിരസിക്കുന്നതുമാണ്. ആറ്റു മണൽ പരുക്കൻ തന്നെ സപ്ലൈ ചെയ്യേണ്ടതാണ്.
7. ടെണ്ടർ വ്യവസ്ഥകൾക്ക് വിപരീതമായി പ്രവർത്തിക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ മുന്നറിയിപ്പ് കൂടാതെ ടെണ്ടർ റെദ്ദ് ചെയ്യുന്നതും ഡിപ്പോസിറ്റ് തുക യൂണിവേഴ്സിറ്റിയ്ക്ക് മുതൽക്കൂടുന്നതും ഈ ഓഫീസിന് ഉണ്ടായേക്കുമെന്ന് തോന്നുന്ന അനന്തര നടപടികൾ സ്വീകരിക്കേണ്ടതും അതിൽ ഉണ്ടാവുന്ന എല്ലാ നഷ്ടങ്ങൾക്കും ടെണ്ടറുകാരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്.
8. ടി ടെണ്ടറുകളെ സംബന്ധിച്ച് ഏതു തീരുമാനവും എടുക്കുവാനുള്ള പൂർണ്ണ അധികാരം ഡിപ്പാർട്ട്മെന്റ് മേധാവിക്ക് ഉണ്ടായിരിക്കും.
9. ആവശ്യമെന്നു കണ്ടാൽ ടെണ്ടർ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്ന തിനോ കൂടുതൽ വ്യവസ്ഥകൾ കൈക്കൊള്ളുന്നതിനോ ടി ഡിപ്പാർട്ട്മെന്റ് ഹെഡിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് ടി ഓഫീസിൽ അന്വേഷിക്കാവുന്നതാണ്.

[NB. ആറ്റുമണലിനും ചാണകത്തിനും പ്രത്യേകം പ്രത്യേകം കവറുകളിൽ $A_4$ size വെള്ള പേപ്പറിൽ ടെണ്ടർ നൽകേണ്ടതാണ്]

ഹെഡ്
ഡിപ്പാർട്ട്മെന്റ് ഓഫ് ബോട്ടണി
കേരള യൂണിവേഴ്സിറ്റി
കാര്യവട്ടം പി.ഒ
തിരുവനന്തപുരം–695581

കാര്യവട്ടം
03.07.2018